# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 554, 11/06/2013-ൽ മറുപടിക്ക്

## പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം. വി ശ്രേയാംസ് കുമാർ** | **ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി** |

| | |
| --- | --- |
| (എ) സംസ്ഥാനത്ത് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമാക്കി 13/02/2013-ലെ സർക്കാർ ഉത്തരവ് (പി.)നം.78/2013/ധന പ്രകാരം പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (ബി) ആധുനിക ജനാധിപത്യ ഭരണ സംവിധാനങ്ങളെല്ലാം വിവിധ മേഖലകളിൽ കുറ്റമറ്റ രീതിയിലുള്ള നയരൂപീകരണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ശാസ്ത്രീയ ഗവേഷണ സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താറുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നങ്ങൾക്ക് ആവശ്യമായ സമഗ്രമായ നയരൂപീകരണത്തിനും ആഗോളചലനങ്ങൾക്കും മാറുന്ന പ്രവണതകൾക്ക് അനുസരണമായി പ്രവർത്തനങ്ങളെല്ലാം തന്നെ പുനഃസംഘടിപ്പിക്കുകയും വീണ്ടും ക്രമപ്പെടുത്തുകയും ചെയ്ത് കേരളത്തെ അഭിവൃദ്ധിയിലേക്ക് നയിക്കാൻ വേണ്ടിയാണ് സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് മാതൃകയിൽ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചുകൊണ്ട് 13/02/2013-ൽ സർക്കാർ ഉത്തരവായത്. കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കാനായി ഈ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുന്നതാണ്. മികച്ച വിദ്യാഭ്യാസ വിദഗ്ധരുടെയും ഭരണതന്ത്രജ്ഞരുടെയും നിയമവിദഗ്ധരുടെയും സേവനം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി വിനിയോഗിക്കേണ്ടതുണ്ട്. |

| | |
|---|---|
| (സി) എന്തെല്ലാം പരിപാടികളാണ് സ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കമോ ? | (സി) സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നങ്ങൾക്ക് ആവശ്യമായ സമഗ്രമായ നയരൂപീകരണത്തിന് ഈ സ്ഥാപനം പ്രവർത്തിക്കും. കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കാനായി ഈ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുക്കും. തൊഴിലില്ലായ്മ, ശുചിത്വപരിപാലന പ്രശ്നങ്ങൾ, മാലിന്യ നിർമാർജനം, പൊതുസേവന പ്രസ്ഥാനങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങി എല്ലാ മേഖലകളിലെയും പ്രശ്നങ്ങൾ ഏറ്റെടുത്ത് പഠന ഗവേഷണങ്ങൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ